## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2960 | 22.6.2012-ൽ മറുപടിയ്ക്ക്

### കൃഷിവകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ജി.എസ്. ജയലാൽ** | | **ശ്രീ . കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാന കൃഷിവകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഏതൊക്കെ ജൈവവളങ്ങളാണ് വിതരണം നടത്തിവരുന്നത്; വിശദാംശം വ്യക്തമാക്കുമോ; | (എ) സംസ്ഥാന കൃഷി വകുപ്പ് 2010-11 മുതൽ '' ജൈവ കൃഷി '' പദ്ധതി പ്രകാരം നെല്ല്, തെങ്ങ് , പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവ ജൈവ രീതിയിൽ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 10,000/- രൂപ ഇൻസെന്റീവ് നൽകി വരുന്നു. ജൈവ കൃഷിയ്ക്കായി പ്രത്യേക ജൈവ വളങ്ങളൊന്നും വിതരണം നടത്തുന്നില്ല. തെങ്ങു കൃഷി പുനരുദ്ധാരണ പദ്ധതിയിൽ മത്സ്യ ഫെഡിന്റെ ' ന്യൂട്രിഫിഷ് ' എന്ന ജൈവവളം മാത്രമാണ് കൃഷിക്കാർക്ക് നൽകുന്നത്. |
| (ബി) | പ്രസ്തുത ജൈവവളങ്ങളുടെ ഗുണമേൻമ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിലേക്ക് സർക്കാർ മേഖലയിൽ എന്തൊക്കെ സംവിധാനങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) ' ന്യൂട്രിഫിഷ് ' എന്ന ജൈവവളം മത്സ്യ ഫെഡ് എന്ന പൊതുമേഖലാ സ്ഥാപനം ഉൽപാദിപ്പിക്കുന്നതിനാൽ ഉൽപാദകർ തന്നെ ഗുണമേന്മ ഉറപ്പു വരുത്തുന്നു. ജൈവ വളങ്ങളുടെ ഗുണമേന്മ പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനായി എഫ്സിഒ 1985-ൽ ഉൾപ്പെട്ട വെർമി കമ്പോസ്റ്റ് , സിറ്റി കമ്പോസ്റ്റ് എന്നീ ജൈവ വളങ്ങളുടെ സാമ്പിൾ എടുത്ത് ബാംഗ്ലൂരിലുള്ള ആർസിഒഎഫ്-ൽ അയയ്ക്കുന്നതിന് എല്ലാ കൃഷി അസിസ്റ്റന്റ് ഡയറക്ടർ (ക്യൂസി) മാർക്കും ടാർജറ്റ് |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുള്ളതും അത് അവലോകനം നടത്തി വരുകയും ചെയ്യുന്നുണ്ട്. എഫ്സിഒ-യിൽ ഉൾപ്പെടാത്ത ജൈവ വളങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിനായി കൃഷി ഡയറക്ടർ ചെയർമാനായി രൂപീകരിച്ചിട്ടുള്ള സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റി നടപടികളെടുത്തു വരികയാണ്. അതനുസരിച്ചുള്ള ജൈവ വള ഏജൻസികളുടെ അംഗീകൃത ലിസ്റ്റ് തയ്യാറാക്കി വരുന്നു. |
| (സി) | ഗുണമേൻമ പരിശോധിക്കുന്നതിലേക്ക് ഏതെങ്കിലും ഏജൻസികളെയോ/സ്വകാര്യ സ്ഥാപനങ്ങളെയോ ഉൾപ്പെടുത്തിയിട്ടുണ്ടോ;എങ്കിൽ ഏതെല്ലാം ഏജൻസി/സ്ഥാപനങ്ങൾ എന്ന് അറിയിക്കുമോ; | (സി) | ഉൾപ്പെടുത്തിയിട്ടില്ല. |
| (ഡി) | ജൈവവളങ്ങളുടെ ഗുണമേൻമയും പരിശോധനയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വ്യാപകമായ പരാതികൾ ഉണ്ടെന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (ഡി) | ജൈവ വളങ്ങളുടെ ഗുണമേന്മയും പരിശോധനയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല . |
| (ഇ) | ഗുണമേൻമ കുറഞ്ഞ ജൈവവളങ്ങൾ വിതരണം ചെയ്തതിന് ഏതെങ്കിലും ഏജൻസികളുടെയോ/സ്ഥാപനത്തിന്റെയോ/ വ്യക്തികളുടെയോ പേരിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (ഇ) | നടപടികൾ സ്വീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**